## കേരള സർക്കാർ
## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – കുടുംബശ്രീ – ആശ്രയ പദ്ധതി – ഗുണഭോക്തക്കളെ എ.എ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തിയും, ഭവന നിർമ്മാണത്തിനുള്ള തുക വർദ്ധിപ്പിച്ച് നൽകുന്നതിന് നിജപ്പെടുത്തിയിരുന്ന കാലാവധികൾ ഒഴിവാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(കൈയ്യെഴുത്ത്)നം. 219/2013/തസ്വഭവ. തിരുവനന്തപുരം, തീയതി, 10/06/2013.

---

പരാമർശം: 1. സ.ഉ. (സാധാ) 12/2010/തസ്വഭവ തീയതി 16/1/2010.
2. വലിയപറമ്പ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച 24/12/2012-ലെ നിവേദനങ്ങൾ
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 4/03/13 ലെ കെ.എസ്./എൽ/2346/2002 നം. കത്ത്.

## ഉത്തരവ്

പരാമർശം മൂന്നിലെ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ റിപ്പോർട്ടിൽ ആശ്രയ ഗുണഭോക്താക്കളെ എ. പി. എൽ/ബി. പി. എൽ വ്യത്യാസമില്ലാതെ എല്ലാവരേയും എ. എ. വൈ കാർഡിൽ ഉൾപ്പെടുത്തണമെന്നും, ഗുണഭോക്താക്കൾക്ക് മുൻകാലങ്ങളിൽ നൽകിയ സഹായം കൊണ്ട് പണിപൂർത്തിയാകാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിനാവശ്യമായ തുക വർദ്ധിപ്പിച്ച് നൽകുന്നതിന് കാലാവധി ഒഴിവാക്കിയും ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായ ചർച്ച ചെയ്തു. ആശ്രയ ഗുണഭോക്താക്കള എ. പി. എൽ/ബി. പി. എൽ വ്യത്യാസമില്ലാതെ എല്ലാവരേയും എ. എ. വൈ കാർഡിൽ ഉൾപ്പെടുത്തികൊണ്ടും, ആശ്രയ ഗുണഭോക്താക്കൾക്ക് മുൻകാലങ്ങളിൽ നൽകിയ സഹായം കൊണ്ടു പണിപൂർത്തിയാക്കാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിനാവശ്യമായ തുക വർദ്ധിപ്പിച്ച് നൽകുന്നതിന് കാലാവധി ഒഴിവാക്കി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**ജെ. സ്റ്റാൻലി**
**ഡെപ്യൂട്ടി സെക്രട്ടറി**

1. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
2. ജില്ലാതല മിഷൻ ആഫീസുകൾ ( 14 ജില്ലകൾ)
3. ഡയറക്ടർ, ഇൻഫർമേഷൻ കേരളാമിഷൻ, തിരുവനന്തപുരം
4 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം 5.
6. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
7. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
8 പട്ടിക ജാതി /പട്ടിക വർഗ്ഗ വികസന (ഡിഎ) വകുപ്പ്
9. സഞ്ചിത ഫയൽ/ ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**